(ബി) ഉണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു :

1	തിരുവനന്തപുരം	43
2	കൊല്ലം	49
3	പത്തനംതിട്ട	29
4	ആലപ്പുഴ	55
5	കോട്ടയം	45
6	ഇടുക്കി	17
7	എറണാകുളം	62
8	തൃശ്ശൂർ	57
9	പാലക്കാട്	47
10	മലപ്പുറം	51
11	കോഴിക്കോട്	50
12	വയനാട്	14
13	കണ്ണൂർ	80
14	കാസർഗോഡ്	23
	ആകെ	622

(സി) ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാന തലത്തിലെ തിരഞ്ഞെടുക്കപ്പെട്ട പ്രാഥമിക ആരോഗ്യ/സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന 250 ഗ്രാമപഞ്ചായത്തുകളിൽ ലബോറട്ടറി സംവിധാനം ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

പനി ബാധിച്ചുള്ള മരണം

14 (706) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്ന നാളിതുവരെ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും, സ്വകാര്യ ആശുപത്രികളിലുമായി ഏതെല്ലാംതരം പനി ബാധിച്ച് എത്ര പേർ മരണപ്പെട്ടുവെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കാലയളവിൽ സംസ്ഥാനത്ത് ഏതെല്ലാംതരം പനിബാധിച്ച് എത്ര ആദിവാസികൾ മരണപ്പെട്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പനി ബാധിച്ച് മരണപ്പെട്ടവരുടെ കണക്ക് അനുബന്ധമായി കൊടുത്തിട്ടുണ്ട്. സ്വകാര്യ ആശുപത്രികളുടേയും സർക്കാർ ആശുപത്രികളുടേയും വേർതിരിച്ച കണക്ക് ലഭ്യമല്ല.

(ബി) 5-3-2015 വരെ ഡെങ്കിപ്പനിമൂലം 3 പേരും, എലിപ്പനിമൂലം 11 പേരും, കരങ്ങ് പനിമൂലം 4 പേരും കൂടാതെ സ്ഥിരീകരിക്കാത്ത പനിമൂലം രണ്ടുപേരും ആദിവാസികളുടെ ഇടയിൽ മരണപ്പെട്ടിട്ടുണ്ട്.

പനി ബാധിതർക്ക് ചികിത്സ

15 (707) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളവിൽ എല്ലാവർഷവും സംസ്ഥാനത്ത് ഡെങ്കിപ്പനി, എച്ച്1 എൻ1 പനി, പക്ഷിപ്പനി, പന്നിപ്പനി, ചെള്ളുപനി, കരങ്ങുപനി എന്നീ വിവിധയിനം പനികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്താകമാനം പ്രസ്തുത കാലയളവിൽ ഓരോ വർഷവും വിവിധയിനം പനി ബാധിച്ച് എത്രപേർ മരണപ്പെട്ടുവെന്നും ഇവരുടെ ആശ്രിതർക്ക് എന്തെങ്കിലും സഹായം ലഭ്യമാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(സി) ഇത്തരം മാരകമായ പനി ബാധിച്ച് നിലവിൽ എത്രപേർ ചികിത്സ തേടിയിട്ടുണ്ടെന്നും പ്രസ്തുത പനി നിയന്ത്രിക്കാനും നിർമ്മാർജ്ജനം ചെയ്യുവാനും വകുപ്പ് എന്ത് നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ ;

(ഡി) പരിശോധനകൾക്ക് ആശുപത്രി ലാബ് സൗകര്യം മെച്ചപ്പെടുത്താനും ഫലപ്രദമായ ചികിത്സ യഥാസമയം ലഭ്യമാക്കാനും എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഡെങ്കിപ്പനി, എച്ച്1 എൻ1 പനി അഥവാ (പന്നിപ്പനി) ചെള്ളുപനി എന്നിവ ഈ സർക്കാർ കാലയളവിൽ എല്ലാ വർഷവും സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ മനുഷ്യരിൽ ഇതുവരെ പക്ഷിപ്പനി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല. കരങ്ങുപനി 2013-14, 2014-15 വർഷങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. വിശദാംശം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly